# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ

*തിരുവനന്തപുരം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്*

## *തിരുവനന്തപുരം മുതൽ നേമം വരെയുള്ള റെയിൽപ്പാത വികസനത്തിന്റെ ഭാഗമായി നേമം സ്റ്റേഷനിൽ നിന്നും നാഷണൽ ഹൈവേയിലേക്ക് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ*

*ജൂലൈ 18, 2024*

*അർത്ഥനാധികാരി*

ഡെപ്യൂട്ടി ചീഫ്
എഞ്ചിനീയർ
സതേൺ റെയിൽവേ
തൈക്കാട്
തിരുവനന്തപുരം

*ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ*

സ്പെഷ്യൽ തഹസിൽദാർ
എൽ.എ.,റെയിൽവേ യൂണിറ്റ്
നേമം
തിരുവനന്തപുരം:695020
ഫോൺ:0471-2390011

*സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്*


രാജഗിരി കോളേജ് ഓഫ് സോഷ്യൽ
സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ -683104
ഫോൺ: 0484 2911330-332/2550785
rajagirisia@gmail.com
www.rajagiri.edu

# ഉള്ളടക്കം

**അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം**

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

1.5.1.പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ

1.5.2. പദ്ധതിബാധിതമാകുന്ന വിടുകൾ

1.5.3. ഉപജീവനമാർഗം നഷ്ടമാകുന്ന ഭൂവുടമകൾ

3.1.1. പഠന സംഘം

3.5.1. പഠനവുമായ് ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

4.8.1. ഉടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമിയുടെ ഏകദേശ അളവ്

5.1.1. പദ്ധതിബാധിത ഭൂമിയുടെ ഉടമകൾ, നഷ്ടമായേക്കാവുന്ന ആസ്തികൾ

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ

5.6.2. പദ്ധതിബാധിതമാകുന്ന ഭൂമിയിലെ പ്രത്യേക വസ്തുക്കൾ

6.1.1. പദ്ധതി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ

7.6.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി

**ചിത്രം**

4.7.1. ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം

6.1.1. പദ്ധതിബാധിത പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങളുടെ സ്ത്രീപുരുഷ അനുപാതം

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

കേരളത്തിലെ തെക്കൻ സംസ്ഥാനങ്ങളും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലെ ഏതാനും പ്രദേശങ്ങളും ഉൾപ്പെടുന്ന തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ റെയിൽ പാതകളുടെ ഇരട്ടിപ്പിക്കലും സ്റ്റേഷനുകളുടെ സൗകര്യങ്ങൾ വികസിപ്പിക്കലും നടന്നുകൊണ്ടിരിക്കുകയാണ്. യാത്രികർക്ക് മികച്ച സൗകര്യങ്ങൾ നൽകികൊണ്ട് തിരുവനന്തപുരത്തെ പ്രധാന റെയിൽവേ സ്റ്റേഷനായ തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ) റെയിൽവേ സ്റ്റേഷനെ ലോകോത്തര റെയിൽവേ സ്റ്റേഷനുകളിൽ ഒന്നായി വികസിപ്പിക്കുവാൻ റെയിൽവേ ഉദ്ദേശിക്കുന്നു. ഇതിൻെറ ഭാഗമായി നേമം, കൊച്ചുവേളി റെയിൽവേ സ്റ്റേഷനുകളെ തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻെറ സാറ്റലൈറ്റ് ടെർമിനലുകളായി വികസിപ്പിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം തീരുമാനിച്ചു. കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ ഒരു സാറ്റലൈറ്റ് ടേർമിനലായി പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിന് സ്ഥലപരിമിതിയുള്ളതിനാൽ, ഇനിയും വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഏതാനും സൗകര്യങ്ങൾ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷന് അടുത്തുള്ള മറ്റ് സ്റ്റേഷനുകളിൽ ക്രമീകരിക്കേണ്ടി വരും. ആയതിനാൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്ന് ഏകദേശം 8 കി.മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്നതും റെയിൽവേയുടെ ഉടമസ്ഥത യിലുള്ള മിച്ചഭൂമിയുള്ളതുമായ നേമം റെയിൽവേ സ്റ്റേഷനിൽ അധിക സൗകര്യങ്ങൾ നടപ്പിലാക്കുവാൻ റെയിൽവേ ഉദ്ദേശിക്കുന്നു.

നിലവിൽ ഒറ്റവരി പാതയായ തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി സെക്ഷ നിൽ തിരുവനന്തപുരത്തു നിന്നുമുള്ള ആദ്യത്തെ ബ്ലോക്ക് സ്റ്റേഷനാണ് നേമം. തിരുവ നന്തപുരം, നെയ്യാറ്റിൻകര, വിഴിഞ്ഞം, പൂവാർ, കാട്ടാക്കട, നാഗർകോവിൽ, കന്യാകുമാരി എന്നിവിടങ്ങളുമായി ദേശീയ പാത വഴി നേമം ബന്ധിപ്പിക്കപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷൻെറ രണ്ടാമത്തെ സാറ്റലൈറ്റ് പാസഞ്ചർ ടെർമിനലായി നേമം റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൻെറ 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പാസഞ്ചർ പ്ലാറ്റ്ഫോറങ്ങളും കോച്ചിങ്ങ് സൗകര്യങ്ങളും വിക

സിപ്പിച്ചുകൊണ്ട് ഒരു ടെർമിനസ് സ്റ്റേഷനായി നേമം റെയിൽ വേസ്റ്റേഷൻ മാറ്റു വാനാണ് ഉദ്ദേശിക്കുന്നത്. പാത ഇരട്ടിപ്പിക്കൽ കൂടാതെ 26 ബി. കപ്പാസിറ്റിയുള്ള 2 പിറ്റ് ലൈനുകളും, പ്ലാറ്റ്ഫോം 1 ൽ എല്ലാ സൗകര്യങ്ങളോടും കൂടിയ സ്റ്റേഷൻ കെട്ടിടത്തിൻെറ നിർമ്മാണവും, പ്ലാറ്റ്ഫോമുകളെ ബന്ധിപ്പിച്ചുകൊണ്ട് സബ്‌വെയുടെ നിർമ്മാണവും, സമീപപ്രദേശങ്ങളിലേക്ക് ഒരു അനുബന്ധ റോഡ് നിർമ്മാണവും നേമം റെയിൽ വേ സ്റ്റേഷൻെറ വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ദേശീയ പാത 47 ൽ നിന്ന് നേമം റെയിൽവേ സ്റ്റേഷൻ വരെ അനുബന്ധറോഡ് നിർമ്മിക്കുന്നതിനായിട്ടാണ് ഭൂമി ഏറ്റെടുക്കൽ വിഭാവന ചെയ്തിരിക്കുന്നത്.

## 1.2. പദ്ധതി പ്രദേശം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെടുന്ന പ്രദേശങ്ങളാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി പ്രദേശം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 23ൽ ഉൾപ്പെടുന്നു. ദേശീയ പാത 47 ൽ പ്രാവച്ചമ്പലം കവലയ്ക്ക് അടുത്ത് നിന്നാണ് അനുബന്ധ റോഡ് ആരംഭിക്കുന്നത്. പദ്ധതി പ്രദേശം ജനവാസസ്ഥലങ്ങളും വിവിധ ഉപജീവന പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളുമാണ്.

## 1.3. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

2024 മെയ് 17 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1559 ൽ പ്രസിദ്ധപ്പെടുത്തിയ 09/05/2024 തീയതിയിലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ നമ്പർ കെ13–723921/2023 ഫോറം 4 വിജ്ഞാപനപ്രകാരം തിരുവനന്തപുരം മുതൽ നേമം വരെയുള്ള റെയിൽപ്പാത വികസനത്തിൻെറ ഭാഗമായി നേമം സ്റ്റേഷനിൽ നിന്ന് ദേശീയ പാതയിലേക്ക് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക1.3.1.ൽ നൽകിയിരിക്കുന്നു

**പട്ടിക1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

***താലൂക്ക് :*** **നെയ്യാറ്റിൻകര**

**വില്ലേജ് : പള്ളിച്ചൽ**

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | റീസർവെ നമ്പർ | സബ് ഡിവിഷൻ നമ്പർ | വിവരണം | വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | 4 | 163 | 2, 7pt, 8, 20 pt 21pt., 22, 23 pt, 33pt 39 pt 40, 48 pt, 49 pt, 51pt | പുരയിടം | 0.7476 |
| 2 | | 165 | 1 pt | | |
| 3 | | 166 | 5, 14 pt, 15 pt, 16, 17 pt, 18, 20 pt, 21 pt, 31 pt, 32, 33, 34 pt, 35 pt | | |

നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 4ൽ ഉൾപ്പെടുന്ന 163, 165, 166 റീസർവെനമ്പറുകളിൽ ഉൾപ്പെട്ട ഏകദേശം 0.7476 ഹെക്ടർ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നതിനായി അടയാളപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഭൂവുടമകളിൽ നിന്ന് ലഭ്യമായ വിവരമനുസരിച്ച് റീസർവെ നമ്പർ 161 ൽ ഉൾപ്പെട്ട ഒരു വസ്തു വും ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്നതായി മനസിലാക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി പ്രസിദ്ധപ്പെടുത്തിയ ഫോറം 4 വിജ്ഞാ പനമനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമി പുരയിടം വിഭാഗത്തിൽ പെടുന്നു.

## 1.4. പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

പദ്ധതിക്കായി മറ്റ് മാർഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല.

## 1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ ഉൾപ്പെട്ട നേമം റെയിൽവേ സ്റ്റേഷൻ വിവിധ സൗകര്യങ്ങളോടുകൂടി വികസിപ്പിക്കുന്നതിൻെറ ഭാഗമായിട്ടാണ് ദേശീയപാതയിൽ നിന്ന് റെയിൽവേ സ്റ്റേഷനിലേക്ക് അനുബന്ധറോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ അടയാളപ്പെടുത്തിയിരിക്കുന്നത് വീടുകളും വിവിധ ഉപജീവനപ്രവർത്തനങ്ങൾ നടക്കുന്ന കെട്ടിടങ്ങളും ഉൾപ്പെടുന്ന പ്രദേശങ്ങളാണ് എന്നതിനാൽ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങിയ പ്രത്യാഘാതങ്ങൾ കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുണ്ടെന്ന് മനസിലാക്കുന്നു. നിർദ്ദിഷ്ട ഭൂമിയുടെ ഉടമകൾ 37 കുടുംബങ്ങ

ളാണെന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതി ബാധിത ഭൂമിയുടെ ഉടമകളുടെ പേര് വിവരങ്ങൾ അനുബന്ധം 1 ൽ നൽകിയിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക സർവെയിൽ വിവരദാതാക്കൾ നൽകിയ വിവരമനുസരിച്ചും, പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലും, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലും ഭൂവുടമകൾക്കും പൊതു സമൂഹത്തിനും ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ പ്രത്യാഘാതങ്ങൾ പട്ടിക 1.5.1ൽ വിശകലനം ചെയ്യുന്നു.

***പട്ടിക 1.5.1. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രത്യാഘാതം* | *എണ്ണം* | *വിശദീകരണം* |
|---|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ | 37 കുടുംബങ്ങൾ | 11 ഉടമകൾക്ക് പാരമ്പര്യമായി ലഭിച്ചത് |
| 2 | ഭവനം പദ്ധതിബാധിതമാകൽ | 9 വീടുകൾ | ഉടമകളുടെ കുടുംബം താമസിക്കുന്ന 7 വീടുകളും വാടകക്ക് നൽകിയിരിക്കുന്ന 2 വീടുകളും അനുബന്ധ സൗകര്യങ്ങളും പൂർണ്ണമായ് നഷ്ടമാകുന്നു |
| 3 | കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ | 6 കുടുംബങ്ങൾ | ഉടമകൾ താമസിക്കുന്നതും പൂർ ണ്ണമായി പദ്ധതിബാധിതമാകുന്ന തുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് സ്ഥലം അവശേഷിക്കാത്ത 6 കൂടുംബങ്ങൾ |
| 4 | കടകൾ ഉൾപ്പടെയുള്ള കെട്ടിടങ്ങൾ പദ്ധതിബാധിതമാകൽ | 7 ഉടമകൾ (11 കെട്ടിടങ്ങൾ) | പൂർണ്ണം (9 കെട്ടിടങ്ങൾ), ഭാഗികം (1), ചെറിയതോതിൽ (1) |
| 5 | ഉപജീവനമാർഗം നഷ്ടമാകൽ | 21 കുടുംബങ്ങൾ | 4 ഉടമകൾ, 5 വാടകക്കാർ, 25 തൊഴിലാളികൾ |
| 6 | വരുമാനം നഷ്ടമാകൽ | 6 ഉടമകൾ | പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ നിന്ന് ലഭിക്കുന്ന വാടകയും ഫലവൃക്ഷങ്ങളിൽ നിന്ന് ലഭിക്കുന്ന വിളകളും നഷ്ടമാകു ന്നതിനാൽ |

| | | | |
|---|---|---|---|
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | 10 ഉടമകൾ | തെങ്ങ്, മാവ്, കവുങ്ങ് തുടങ്ങിയ വൃക്ഷങ്ങൾ |
| 8 | അവശ്യസൗകര്യങ്ങൾ നഷ്ടമാകൽ | 7 ഉടമകൾ | പദ്ധതിപ്രദേശത്ത് തുടർന്ന് താമ സിക്കാൻ സാധ്യതയുള്ള ഉടമക ളുടെ കിണർ (7), സെപ്റ്റിക് ടാങ്ക്(2), ശൗചാലയം(2) തുടങ്ങിയ സൗകര്യങ്ങൾ |
| 8 | മറ്റ് നിർമ്മിതികൾ നഷ്ട മാകൽ | 3 ഉടമകൾ | ദ്ധതി പ്രദേശത്ത് തുടർന്ന് താമസിക്കാൻ സാധ്യതയുള്ള 3 ഉടമകളുടെ ചുറ്റുമതിലും ഗേറ്റും |

**പട്ടിക 1.5.2: പദ്ധതിബാധിതമാകുന്ന വിടുകൾ**

| *ക്രമനമ്പർ* | *ഉടമ* | *നിലവിലെ അവസ്ഥ* | *വിശദീകരണം* |
|---|---|---|---|
| 1 | രഘുനാഥപണിക്കർ(Late) | വാടകക്ക് നൽകിയിരിക്കുന്നു | പുനർനിർമ്മിക്കാൻ സ്ഥലമില്ല |
| 2 | നൂർജഹാൻ എ. | ഉടമ താമസിക്കുന്നു | കുടിയൊഴിയൽ |
| 3 | ശാന്തകുമാരിയമ്മ(Late) | ഉടമയുടെ സഹോദരൻ താമസിക്കുന്നു | കുടിയൊഴിയൽ |
| 4 | സന്തോഷ്കുമാർ ആർ.എസ്. | ഉടമ താമസിക്കുന്നു | കുടിയൊഴിയൽ |
| 5 | സിന്ധു എസ്.നായർ | ഉടമയുടെ പ്രായമായ മാതാപിതാക്കൾ താമ സിക്കുന്നു | കുടിയൊഴിയൽ |
| 6 | സജീവ്കുമാർ എസ്. | ഉടമ താമസിക്കുന്നു | അവശേഷിക്കുന്ന സ്ഥലത്ത് വീട് നിർ മ്മിക്കുവാൻ ഉദ്ദേശി ക്കുന്നു |
| 7 | പ്രഫുലേന്ദ്രൻ സി. | ഉടമ താമസിക്കുന്നു | കുടിയൊഴിയൽ |
| 8 | ലീല ജെ. | ഉടമ താമസിക്കുന്നു | കുടിയൊഴിയൽ |
| 9 | സീതി എം.എ | വാടകക്ക് നൽകിയിരിക്കുന്നു | പുനർനിർമ്മിക്കാൻ സ്ഥലമില്ല |

പദ്ധതി പ്രദേശത്തുള്ള 9 വീടുകൾ പൂർണ്ണമായും പൊളിച്ചുമാറ്റേണ്ടതായി വരും. ഇതിൽ 2 വീടുകൾ ഉടമകൾ വാടകക്ക് നൽകിയിരിക്കുന്നു. ശേഷിക്കുന്ന 7 വീടുകളിൽ ഉടമക ളുടെ കുടുംബങ്ങൾ താമസിക്കുന്നു. ഇതിൽ 6 ഉടമകൾക്ക് ഏറ്റെടുക്കലിനുശേഷം വീട് പുനർനിർമ്മിക്കുന്നതിന് പദ്ധതി പ്രദേശത്ത് സ്ഥലം അവശേഷിക്കുന്നില്ല എന്നതിനാൽ

ടി കുടുംബങ്ങൾ ഇവിടെ നിന്നും കുടിയൊഴിയേണ്ടതായി വരും എന്നത് പദ്ധതിയുടെ വലിയ പ്രത്യാഘാതങ്ങളിലൊന്നായി കാണാവുന്നതാണ്. ഒരു കുടുംബത്തിന് ഏറ്റെടുക്കലിനുശേഷം പദ്ധതിപ്രദേശത്ത് കുറച്ച് ഭൂമി അവശേഷിക്കും എന്നതിനാൽ അവിടെ വീട് പുനർനിർമ്മിക്കുന്നതിന് അനുമതി നൽകണം എന്ന് കുടുംബം ആവശ്യപ്പെടുന്നു.

**പട്ടിക 1.5.3: ഉപജീവനമാർഗം നഷ്ടമാകുന്ന ഭൂവുടമകൾ**

| ***ക്രമ നമ്പർ*** | ***ഉടമ*** | ***വിശദീകരണം*** |
|---|---|---|
| 1 | സന്തോഷ്കുമാർ ആർ.എസ്. | പദ്ധതിബാധിതമാകുന്ന കെട്ടിടത്തിൽ നിന്ന് ലഭിക്കുന്ന വാടക ഉടമയുടെ ജീവനോപാധിയാണ് |
| 2 | സിന്ധു.എസ്.നായർ | പദ്ധതിബാധിതമാകുന്ന ഫലവൃക്ഷങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം ഉടമയുടെ മാതാപിതാക്കളുടെ ജീവനോപാധിയാണ് |
| 3 | സലാവുദ്ദീൻ, സജിൻ, താജുമ്മ | പദ്ധതിബാധിതമാകുന്ന 5 കെട്ടിടങ്ങളിൽ വിവിധ വ്യവസായങ്ങൾ നടത്തുന്നു. ഉടമക്കും തൊഴിലാളികൾക്കും ഉപജീവനമാർഗം നഷ്ടമാകും |
| 4 | സീതി എം.എ. | പദ്ധതിബാധിതമാകുന്ന കെട്ടിടങ്ങളിൽ നിന്ന് ലഭിക്കുന്ന വാടക ഉടമയുടെ അമ്മയുടെ ജീവനോപാധിയാണ് |

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിന് ഭൂവുടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് 4 ഉടമകളുടെ പദ്ധതിബാധിതമാകുന്ന ഭൂമിയും വസ്തുവകകളും ഉടമകളുടെ/കുടുംബാംഗങ്ങളുടെ ജീവനോപാധിയാണ്. ഭൂവുടമകളെ കൂടാതെ വാടകക്കാരും തൊഷിലാളികളുമായ 30 പേർ പദ്ധതിബാധിത വസ്തുക്കളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നതായി മനസിലാക്കുന്നു.

സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നടത്തിയ വിവരശേഖരണത്തിൽ പ്രതികരിച്ച ഭൂവുടമകളിൽ നിന്ന് ലഭ്യമായ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ കൂടാതെ പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം, പൊടിശല്ല്യം എന്നിവയും പദ്ധതിയുടെ പ്രത്യാഘാതങ്ങളായി കണ്ട് ആവശ്യമായ ലഘൂകരണ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1.6. ലഘൂകരണ നടപടികൾ

രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളിലൊന്നായ റെയിൽവേയുടെ വികസനത്തിൻെറ ഭാഗമായി തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളിലൊന്നാണ് നേമം റെയിൽവേ സ്റ്റേഷൻെറ വികസനം. ദേശീയപാതയിൽ നിന്ന് നേമം റെയിൽവേ സ്റ്റേഷനിലേക്ക് അനുബന്ധ റോഡ് വികസിപ്പിക്കുന്നതിലൂടെ തിരുവനന്തപുരത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്ന് യാത്രക്കാർക്ക് നേമം റെയിൽവേ സ്റ്റേഷനിലേക്ക് സുഗമമായി എത്തിച്ചേരാനാകും. ആയതിനാൽ പദ്ധതി നേമം പ്രദേ ശത്തിന് മാത്രമല്ല ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് പ്രയോജന കരമാകും. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ വർഷങ്ങളായി പ്രദേശത്തെ വസ്തുവകകൾ കൈവശമായിരിക്കുന്ന ഭൂവുടമകൾക്ക് ഉണ്ടാകുവാനിടയുള്ള മുകളിൽ കൊടുത്തിട്ടുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ലഘൂകരിക്കേണ്ടതുണ്ട്. മേൽവിവരിച്ച പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ശുപാർശ ചെയ്യുന്നു

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനര ധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD & 29/12/2017 തീയതിയിലെ G.O(MS) No.448/2017/RD) പ്രകാരവും കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും പുനരധിവാസ–പുനസ്ഥാപന പാക്കേജും നൽകുക
- പദ്ധതി മൂലം ഭവനം നഷ്ടമാകുന്ന കുടുംബങ്ങൾക്കും ഉപജീവനമാർഗം നഷ്ടമാകുന്ന കുടുംബങ്ങൾക്കും അവരുടെ താമസത്തിനും ഉപജീവനത്തിനും തടസം നേരിടാതിരിക്കുന്നതിന് ഉതകുന്നവിധത്തിൽ മുൻകൂട്ടി അറിയിപ്പ് നൽകികൊണ്ട് ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കേണ്ടതാണ്

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതി പ്രദേശത്തെ. വാഹനഗതാഗതവും ജന സഞ്ചാരവും തടസപ്പെടാതിരിക്കുന്നതിന് സാധ്യമായ ഇതര മാർഗം ഏർപ്പെടു ത്തേണ്ടതാണ്
- പദ്ധതിപ്രദേശത്തിന് സമീപ്പത്തുള്ള വീടുകളിലേക്കും വസ്തുക്കളിലേക്കും മതിയായ പ്രവേശനം നൽകികൊണ്ട് പദ്ധതി നിർമ്മാണവും നിർവ്വഹണവും നടപ്പിലാക്കേ ണ്ടതാണ്
- നിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദമലിനീകരണം എന്നിവ കുറയ്ക്കുന്നതിന് മതിയായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നിർമ്മാർജനം ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

# അദ്ധ്യായം 2
# പഠനത്തിൻെറ വിശദ വിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

ഇന്ത്യൻ ദക്ഷിണ റെയിൽവേ സോണിലെ 6 ഡിവിഷനുകളിൽ ഒന്നായ തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽ ഉൾപ്പെടുന്ന തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി സെക്ഷനിൽ തിരുവനന്തപുരത്തു നിന്നുമുള്ള ആദ്യത്തെ ബ്ലോക്ക് സ്റ്റേഷനാണ് നേമം. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷൻെറ രണ്ടാമത്തെ സാറ്റലൈറ്റ് പാസഞ്ചർ ടെർമിനലായി നേമം റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൻെറ 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇന്ത്യൻ റെയിൽവേയുടെ 2018-19 വർഷത്തിലെ പിങ്ക് ബുക്കിൽ ക്രമനമ്പർ 70 ൽ പുതിയ ടെർമിനൽ കോച്ചിൻെറ വികസനം പ്രഖ്യാപിച്ചിട്ടുണ്ട്. പാസഞ്ചർ പ്ലാറ്റ്ഫോറങ്ങളും കോച്ചിങ്ങ് സൗകര്യങ്ങളും വികസിപ്പിച്ചുകൊണ്ട് ഒരു ടെർമിനസ് സ്റ്റേഷനായി നേമം റെയിൽ വേസ്റ്റേഷൻ മാറ്റുവാനാണ് ഉദ്ദേശിക്കുന്നത്. സോണൽ റെയിൽവേ അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം നേമം റെയിൽ വേ സ്റ്റേഷൻെറ വികസനം 2 ഘട്ടങ്ങളിലായാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. നേമം റെയിൽവേ സ്റ്റേഷൻ ഒരു ടെർമിനസ് സ്റ്റേഷനായി വികസിപ്പിക്കുന്നതിലൂടെ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ അനുഭവപ്പെടുന്ന തിരക്ക് കുറ യ്ക്കുവാൻ സാധിക്കും. തിരുവനന്തപുരം, നെയ്യാറ്റിൻ കര, വിഴിഞ്ഞം, പൂവാർ, കാട്ടാക്കട, നാഗർകോവിൽ, കന്യാകുമാരി എന്നിവിടങ്ങളുമായി ദേശീയ പാത 47 വഴി നേമം ബന്ധിപ്പിക്കപ്പെട്ടിട്ടുള്ളതിനാൽ ദേശീയ പാതയിൽ നിന്ന് നേമം സ്റ്റേഷൻ വരെ അനുബന്ധ റോഡ് നിർമ്മിക്കുന്നതിലൂടെ ടി പ്രദേശങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് നേമം റെയിൽവേ സ്റ്റേഷനിലേക്ക് സുഗമമായി എത്തിച്ചേരുവാൻ കഴിയും.

സതേൺ റെയിൽവേ, തിരുവനന്തപുരം നടപ്പിലാക്കുന്ന ടി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ.റെയിൽവേ യൂണിറ്റ്, നേമം ആണ്.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 2ൽ ഉപവകുപ്പ് (ബി) പ്രകാരം അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ടി നിയമം ബാധകമാണ്. ആയതിനാൽ ദേശീയപാതയിൽ നിന്നും നേമം റെയിൽ വേസ്റ്റേഷനിലേക്ക് അനുബന്ധ റോഡ് നിർമ്മാണത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(b)( i) പ്രകാരം ഒരു പൊതു ആവശ്യമാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2024 മെയ് 17 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1559 ൽ പ്രസിദ്ധപ്പെടുത്തിയ 09/05/2024 തീയതിയിലെ തിരുവനന്തപുരം ജില്ലാകളക്ടറുടെ നമ്പർ കെ 13-723921/2023 ഫോറം 4 വിജ്ഞാപനപ്രകാരം നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെടുന്ന ഏകദേശം 0.7476 ഹെക്ടർ ഭൂമിയാണ് പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷൻെറ രണ്ടാമത്തെ സാറ്റലൈറ്റ് പാസഞ്ചർ ടെർമിനലായി നേമം റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുന്നതിൻെറ ഭാഗമായിട്ടാണ് അനുബന്ധ റോഡ് നിർമ്മാണവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ദേശീയ പാത മുതൽ നേമം റെയിൽ വേ സ്റ്റേഷൻ വരെ 246 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലുമാണ് നിർദ്ദിഷ്ട റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. നേമം റെയിൽവേ സ്റ്റേഷൻ വികസനത്തിനായി പ്രതീക്ഷിക്കുന്ന ആകെ ചെലവ് 11656.77 ലക്ഷം രൂപയാണ്.

## 2.4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

പദ്ധതിക്കായി മറ്റ് മാർഗങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല.

## 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

നേമം റെയിൽവേ സ്റ്റേഷൻ വികസന പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ദേശീയപാതയിൽ നിന്ന് നേമം റെയിൽവേ സ്റ്റേഷൻ വരെയുള്ള റോഡ് നിർമ്മാണം ആദ്യഘട്ടത്തിൽ ഉൾപ്പെടുന്നു

## 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ദേശീയ പാത മുതൽ നേമം റെയിൽവേ സ്റ്റേഷൻ വരെ 246 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലുമാണ് നിർദ്ദിഷ്ട റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്

## 2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ജനവാസവും വാഹനഗതാഗതവും ജനസഞ്ചാരവുമുള്ള പദ്ധതിപ്രദേശത്ത് നിർമ്മാണം നടക്കുന്ന അവസരത്തിൽ അതുവഴിയുള്ള ഗതാഗതവും ജനസഞ്ചാരവും തടസപ്പെടാത്തവിധത്തിൽ ആവശ്യമായ സൗകര്യം ചെയ്യേണ്ടതുണ്ട്. കൂടാതെ ഏറ്റെടുക്കലിനായി മാർക്ക് ചെയ്യപ്പെട്ടിരിക്കുന്ന ഇടങ്ങളിലെ വൈദ്യുതി പോസ്റ്റ്, ടെലഫോൺ പോസ്റ്റ് തുടങ്ങിയ അവശ്യസൗകര്യങ്ങളുടെ പുനസ്ഥാപനവും യഥാസമയം നിർവ്വഹിക്കേണ്ടതുണ്ട്.

## 2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് തിരുവനന്തപുരം റെയിൽവേ ഡിവിഷൻ കരാറുകാരനെ നിയമിക്കും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയ ക്രമീകരണം, കരാറുകാരൻ തയ്യാറാക്കുന്ന വർക്ക്ഷെഡ്യൂൾ എന്നിവ റെയിൽവേ എഞ്ചിനീയറിങ്ങ് വിഭാഗം വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## 2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. പദ്ധതിക്ക് വേണ്ടി മറ്റ് പഠനങ്ങൾ നടത്തിയതായ വിവരം ലഭിച്ചിട്ടില്ല.

## 2.10. ബാധകമായ നിയമങ്ങളും നയങ്ങളും

ദേശിയപാതയിൽ നിന്ന് നേമം റെയിൽവേ സ്റ്റേഷൻ വരെ അനുബന്ധ റോഡ് നിർമ്മിക്കുന്നതിനുവേണ്ടി നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ വില്ലേജിൽ നിന്ന് ഏകദേശം 0.7476 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ബാധകമായ നിയമങ്ങളും നയങ്ങളും താഴെ പറയുന്നു.

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 23.09.2015 തീയതിയിലെ G.O(MS)No.485/2015/RD പ്രകാരമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29.12.2017 തീയതിയിലെ G.O(MS)No.448/2017/RD പ്രകാരമുള്ള നയം

# അദ്ധ്യായം 3
# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

തിരുവനന്തപുരം ജില്ലയിൽ നേമം റെയിൽവേസ്റ്റേഷൻ വികസനപദ്ധതിയുടെ ഭാഗമായി ദേശിയ പാതയിൽ നിന്നും നേമം റെയിൽവേ സ്റ്റേഷനിലേക്ക് അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ വില്ലേജിൽ നിന്ന് ഏകദേശം 0.7476 ഹെക്ടർ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയി രുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശേരി, കൊച്ചിയെ ചുമതലപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം ജില്ലാകളക്ടറുടെ 09/05/2024 തീയതിയിലെ നമ്പർ കെ13-723921/2023 വിജ്ഞാപനം 2024 മെയ് 17 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1559 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ പഠന സംഘം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

## 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത/പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA unit) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക ളിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക |

| | | | |
|---|---|---|---|
| | | | ളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ.ഫാ.ഷിൻേറാ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക ളിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീനകുരുവിള | എം.എസ്.ഡബ്ല്യു. കൺസൾട്ടൻറ് | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | മരിയ ടെൻസി വി.എസ്. | എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 32 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ദിവ്യ പി.ജി.. | ബി.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ് | വികസനമേഖലയിൽ 15 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിൽബിൻ കെ.വിത്സൺ | ബി.എസ്.സി. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തന പരിചയം |

## 3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ ത്രിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവര

ങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിതരാകുന്ന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 25/06/2024 തീയതിയിൽ പദ്ധതിബാധിത പ്രദേശം സന്ദർശിക്കുകയും, പദ്ധതിബാധിതരുടെ വീടുകൾ സന്ദർശിച്ച് പദ്ധതിബാധിതരെ നേരിൽ കണ്ട്, പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പദ്ധതി പ്രദേശത്തില്ലാത്ത ഭൂവുടമകളെ ടെലഫോണിൽ ബന്ധപ്പെട്ട് വിവരശേഖരണം നടത്തി. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമുഹിക–സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ സതേൺ റെയിൽവേ, തിരുവനന്തപുരം കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പദ്ധതിമൂലം പൊതുസമൂഹത്തിനുണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ പഠനത്തിനാവശ്യമായ ത്രിതീയമായ വിവരമാണ്. പദ്ധതിബാധിത കുടുംബങ്ങളിൽ നടത്തിയ സർവെയിലൂടെയും പ്രദേശത്തെ ജനപ്രതിനിധിയുമായി ടെലഫോണിൽ നടത്തിയ അഭിമുഖത്തിലൂടെയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. ഭൂവുടമകൾ, ജനപ്രതിനിധി, ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, അർത്ഥനാധികാരി എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതിപ്രദേശത്ത് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുകയും, നിലവിൽ ലഭ്യമായ വിവിരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് തയ്യാറാക്കിയ സാമുഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ അവതരിപ്പിക്കുകയും ചെയ്യും. അന്തിമരേഖയിലേക്ക് തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നിർദ്ദേശിക്കുന്നതിനും, പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്കും പ്രദേശവാസികൾക്കും ആശങ്കകൾ പങ്ക് വെക്കുന്നതിനും പബ്ലിക് ഹിയറിങ്ങിൽ അവസരം നൽകും. പബ്ലിക് ഹിയറിങ്ങിൽ പങ്ക് വെക്കപ്പെടുന്ന ആശങ്കകളും അവയ്ക്ക് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന മറുപടി

കളും, കരട് രേഖയിൽ അവശ്യം വേണ്ട തിരുത്തലുകളും ഉൾപ്പെടുത്തിയിട്ടായിരിക്കും അന്തിമ രേഖ തയ്യാറാക്കുന്നത്.

## 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് മാതൃകാ പരിശോധനാ രീതിയേക്കാൾ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് അഭികാമ്യം. ആയതിനാൽ പഠനസംഘം എല്ലാ ഉടമകളെയും നേരിട്ട് ബന്ധപ്പെട്ട് വിവരശേഖരണം നടത്തിയിരുന്നു.

## 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, കൂടാതെ ഭൂവുടമകളെ നേരിൽ കണ്ടും ടെലഫോണിൽ ബന്ധപ്പെട്ടും പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് അഭിമുഖത്തിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമുഹിക-സാമ്പത്തിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ സതേൺ റെയിൽവേ, തിരുവനന്തപുരം കാര്യാലയത്തിൽ നിന്നും കൂടാതെ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ഡെപ്യൂട്ടി കളക്ടർ (എൽ.എ) തിരുവനന്തപുരം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

പദ്ധതിമൂലം പൊതുസമൂഹത്തിനുണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഭൂവുടമകളുമായി നടത്തിയ അഭിമുഖത്തിലൂടെയും പ്രദേശത്തെ ജനപ്രതിനിധിയുമായി നടത്തിയ അഭിമുഖത്തിലൂടെയും മനസിലാക്കി. പദ്ധതി പ്രദേശത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പബ്ലിക് ഹിയറിങ്ങിലൂടെ ലഭ്യമായേക്കാവുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയായിരിക്കും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കുന്നത്.

## 3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് എസ്.ഐ.എ.പഠനസംഘം നടത്തിയ പ്രവർത്തനങ്ങൾ പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു

***പട്ടിക 3.5.1. പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ***

| *പ്രവർത്തനങ്ങൾ* | *തീയതി* |
|---|---|
| ഡെപ്യൂട്ടി കളക്ടർ (എൽ.എ) ആലപ്പുഴ കാര്യാലയത്തിൽ നിന്ന് വിവരശേഖരണം | 24/05.2024 |
| സതേൺ റെയിൽവേ, തിരുവനന്തപുരം കാര്യാലയത്തിൽ നിന്ന് വിവരശേഖരണം | 19/06/2024 |
| സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥരുമായി പദ്ധതി പ്രദേശം സന്ദർശനം | 25/06/2024 |
| ഭൂവുടമകളുടെ ഭവനസന്ദർശനവും സാമൂഹ്യ സാമ്പത്തിക സർവെയും | 25/06/2024 |
| ജനപ്രതിനിധിുമായി ടെലിഫോണിൽ അഭിമുഖം | 10/07/2024 |

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ച ൽ വില്ലേജിൽ ഉൾ പ്പെടുന്ന പ്രദേശങ്ങളാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി പ്രദേശം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വാർഡ് 23 ൽ ഉൾപ്പെടുന്നു. ദേശീയ പാത 47 ൽ പ്രാവച്ചമ്പലം കവലയ്ക്ക് അടുത്ത് നിന്നാണ് അനുബന്ധ റോഡ് ആരംഭിക്കുന്നത്. പദ്ധതി പ്രദേശം ജനവാസസ്ഥലങ്ങളും വിവിധ ഉപജീവന പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥല ങ്ങളുമാണ്. കുടുംബങ്ങൾ താമസിക്കുന്ന വീടുകളും കടകളും ചെറുകിട വ്യവസായങ്ങൾ നടത്തുന്ന കമ്പനികളും പദ്ധതിബാധിത പ്രദേശത്തുണ്ട് എന്ന് മനസിലാക്കുന്നു. പദ്ധതി പ്രദേശത്ത് ധാരാളം വൃക്ഷങ്ങളുമുണ്ട്.

## 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷൻെറ രണ്ടാമത്തെ സാറ്റലൈറ്റ് പാസഞ്ചർ ടെർമിനലായി നേമം റെയിൽവേ സ്റ്റേഷൻ വികസിപ്പിക്കുന്നതിൻെറ ഭാഗമായി ദേശീയ ഹൈവെ മുതൽ നേമം റെയിൽവേ സ്റ്റേഷൻ വരെ അനുബന്ധ റോഡ് നിർമ്മിക്കുന്ന തിനായിട്ടാണ് ഭൂമി ഏറ്റെടുക്കൽ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നേമം റെയിൽവേ സ്റ്റേഷൻ ഒരു ടെർമിനസ് സ്റ്റേഷനായി വികസിപ്പിക്കുന്നതിലൂടെ തിരുവ നന്തപുരം നഗരത്തിൽ നിന്നുള്ള റെയിൽവേ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയും. തിരുവനന്തപുരം, നെയ്യാറ്റിൻകര, വിഴിഞ്ഞം, പൂവാർ, കാട്ടാക്കട, നാഗർകോവിൽ, കന്യാകുമാരി എന്നിവിടങ്ങളുമായി ദേശീയ പാത 47 വഴി നേമം ബന്ധിപ്പിക്ക പ്പെട്ടിട്ടുള്ളതിനാൽ നിർദ്ദിഷ്ട അനുബന്ധ റോഡ് നിർമ്മിക്കുന്നതിലൂടെ ടി പ്രദേശങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് ഇവിടെ സുഗമമായി എത്തിച്ചേരുവാൻ കഴിയും.

എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ വളരെ വർഷങ്ങളായി പ്രദേശത്ത് താമസിക്കുന്ന ഉടമകൾക്ക് കൈവശഭൂമി നഷ്ടമാകൽ, ഭവനം നഷ്ടമാകൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങി വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട് എന്ന് മനസിലാക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് ലഭിച്ച വിവരമനുസരിച്ച് പദ്ധതിബാധിത ഭൂമിയുടെ ഉടമകൾ 37 കുടുംബ ങ്ങളാണ്. ഉടമകളുടെ കുടുംബങ്ങൾ താമസിക്കുന്നതുൾപ്പടെ പദ്ധതിപ്രദേശത്തുള്ള 9 വീടുകളും അനുബന്ധസൗകര്യങ്ങളും പൂർണ്ണമായും നഷ്ടമായേക്കാം. തദ്ഫലമായി 6 കുടുംബങ്ങൾ പ്രദേശത്ത് നിന്ന് കുടിയൊഴിയേണ്ടിവരും. ഇതിൽ പ്രായമായ ദമ്പതികൾ മാത്രം താമസിക്കുന്ന വീടും അവിവാഹിതനായ ഒരു വയോധികൻ തനിച്ചു താമസിക്കുന്ന വീടും ഉൾപ്പെടുന്നതായി മനസിലാക്കുന്നു. ചെറുകിട വ്യവസായങ്ങൾ ഉൾപ്പടെ നടക്കുന്ന കെട്ടിടങ്ങൾ പദ്ധതിബാധിതമാകുന്നതുമൂലവും, വിളയിനത്തിൽ വരുമാനമുള്ള ഫല വൃക്ഷങ്ങൾ നഷ്ടമാകുന്നതുമൂലവും ഭൂവുടമകൾ, വാടകക്കാർ, തൊഴിലാളികൾ ഉൾപ്പടെ 46 കുടുംബങ്ങൾക്ക് ഉപജീവനം നഷ്ടമാകുന്നുണ്ട്.

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളുടെ സംഗ്രഹം അദ്ധ്യായം 1 ൽ പട്ടിക 1.5.1.ൽ വിശദീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കലിൽ ഓരോ ഉടമയ്ക്കും ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ അദ്ധ്യായം 5 ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

2024 മെയ് 17 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1559 ൽ പ്രസി ദ്ധപ്പെടുത്തിയ 09/05/2024 തീയതിയിലെ തിരുവനന്തപുരം ജില്ലാ കളക്ടറുടെ വിജ്ഞാ പനപ്രകാരം ദേശീയ പാതയിൽ നിന്ന് നേമം റെയിൽവേ സ്റ്റേഷൻ വരെ അനുബന്ധ റോഡ് നിർമ്മാണ പദ്ധതിക്കായി ആവശ്യമായ് വന്നേക്കാവുന്നത് ഏകദേശം 0.7476 ഹെക്ടർ ഭൂമിയാണ്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കലിനായി മാർക്ക് ചെയ്യിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൻെറ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം വിലയിരുത്തുന്നു

## 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതിപ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള ഭൂമി ഇല്ല.

## 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

നിർദ്ദിഷ്ട പദ്ധതിക്കായി നെരത്തെ സ്ഥലങ്ങൾ ഏറ്റെടുക്കുകയോ വാങ്ങിക്കുകയോ ചെയ്തിട്ടില്ല.

## 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും


2024 മെയ് 17 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1559 ൽ പ്രസിദ്ധപ്പെടുത്തിയ തിരുവനന്തപുരം ജില്ലാ കളക്ടറുടെ 9/5/2024 തീയതിയിലെ നമ്പർ കെ 13–723921/2023 ഫോറം 4 വിജ്ഞാപനം അനുസരിച്ച് നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 4 ൽ ഉൾപ്പെടുന്ന 163, 165, 166 റീസർവെ നമ്പറുകളിൽ നിന്ന് ഏകദേശം 0.7476 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ടി വിജ്ഞാപനം അനുസരിച്ച് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി "പുരയിടം" വിഭാഗത്തിൽ പെടുന്നു. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 23 ൽ ഉൾപ്പെടുന്നതാണ് പദ്ധതിപ്രദേശം

## 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

ഏറ്റെടുക്കുന്ന ഭൂമി കൂടുതലായും ജനവാസസ്ഥലങ്ങളോട് ചേർന്ന് കിടക്കുന്നവയാണ്. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ തുടങ്ങിയ ഫലവൃക്ഷങ്ങളുണ്ട് എന്നതൊഴിച്ചാൽ ഏറ്റെടുക്കുന്ന ഭൂമിയിൽ മറ്റ് കാർഷിക പ്രവർത്തനങ്ങളില്ല.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഭാഗമായ് നടത്തിയ സർവെയിൽ വിവരദാതാക്കൾ നൽകിയവിവരം അനുസരിച്ച് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം ചിത്രം 4.7.1. ൽ നൽകിയിരിക്കുന്നു

**ചിത്രം 4.7.1. ആഘാതബാധിത ഭൂമിയുടെ നിലവിലെ ഉപയോഗം**




25 കുടുംബങ്ങളിൽ ഉൾപ്പെട്ട 37 ഉടമകളുടെ കൈവശഭൂമിയാണ് ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്നത്. പദ്ധതിബാധിതമാകുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 11 കുടുംബങ്ങൾ താമസത്തിനായും, 1 കുടുംബം കച്ചവട ആവശ്യത്തിനായും പ്രസ്തുത ഭൂമി ഉപയോഗിക്കുന്നു. 3 കുടുംബങ്ങളുടെ ഭൂമിയിൽ ചെറുകിട വ്യവസായങ്ങൾ നടത്തുന്നു. 3 കുടുംബങ്ങളുടെ ഭൂമി താമസത്തിന് ഉപയോഗിക്കുന്നതും കൂടാതെ വ്യവസായവും നടത്തപ്പെടുന്നു. 7 കുടുംബങ്ങൾ തങ്ങളുടെ ഭൂമി കൈവശഭൂമിയായി മാത്രം ഉപയോഗിക്കുന്നു.

## 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിബാധിതരാകുന്ന ഭൂമിയുടെ 18 ഉടമകളിൽ നിന്നാണ് പദ്ധതിപ്രദേശത്ത് തങ്ങൾക്ക് കൈവശമായ ആകെ ഭൂമിയുടെ വിസ്തീർണ്ണത്തെക്കുറിച്ചുള്ള വിവരം ലഭിച്ചത്. വിവരദാതാക്കളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് പദ്ധതിപ്രദേശത്ത് ഉടമകൾക്ക് ആകെ കൈവശമായ ഭൂമിയുടെ ഏകദേശ അളവ് പട്ടിക 4.8.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8.1 ഉടമകൾക്ക് പദ്ധതിപ്രദേശത്ത് ആകെ കൈവശമായ ഭൂമിയുടെ ഏകദേശ അളവ്**

| *സ്ഥലത്തിൻെറ അളവ്* | *ഉടമകളുടെ എണ്ണം* |
|---|---|
| 2 സെൻറിൽ താഴെ | 2 |
| 2–3 സെൻറ് | 4 |
| 5–7 സെൻറ് | 5 |
| 8 സെൻറ് | 2 |
| 11 സെൻറ് | 1 |
| 19 സെൻറ് | 1 |
| 30 സെൻറ് | 1 |
| 58 സെൻറ് | 1 |
| 80 സെൻറ് | 1 |
| വിവരം ലഭ്യമല്ല | 7 |
| ആകെ ഉടമകൾ | 25 |

പദ്ധതി ബാധിതരാകുന്ന ഭൂവുടമകളിൽ 2 ഉടമകൾക്ക് 2 സെൻറിൽ താഴെ സ്ഥലം മാത്രമേ പദ്ധതിപ്രദേശത്ത് കൈവശമായിട്ടുള്ളു. 4 ഉടമകൾക്ക് 2 സെൻറിനും 3 സെൻറിനും ഇടയിലും, 5 ഉടമകൾക്ക് 5 സെൻറിനും 7 സെൻറിനും ഇടയിലും, 2 കുടുംബങ്ങൾക്ക് 8 സെൻറും ഭൂമി കൈവശമായിട്ടുണ്ട്. 11 സെൻറ്, 19 സെൻറ്, 30 സെൻറ്, 58 സെൻറ്, 80 സെൻറ് എന്നീ അളവിൽ ഭൂമി കൈവശമായിട്ടുള്ള ഓരോ ഉടമകൾ വീതമുണ്ട്

ഏറ്റെടുക്കപ്പെടുന്ന ഭൂമി 25 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ് എന്ന് മനസിലാക്കുന്നു. ഇവരിൽ 48% കുടുംബങ്ങൾക്ക് ടി ഭൂമി പാരമ്പര്യമായി കൈവശമായതാണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ 5 വസ്തുവകകൾ കൂട്ടുടമസ്ഥതയിലുള്ളതും ശേഷിക്കുന്നവ വ്യക്തിഗത ഉടമസ്ഥതയിലുള്ളതുമാണ്. ഭൂവുടമകളിൽ 2 പേർ മരണപ്പെട്ടു എന്ന് മനസിലാക്കുന്നു.

ഏറ്റെടുക്കപ്പെടുന്ന വസ്തുക്കളിൽ 14 എണ്ണം കുടുംബങ്ങളുടെ താമസത്തിനായി ഉപയോഗിക്കുന്നു ഏറ്റെടുക്കുവാനുള്ള അടയാളപ്പെടുത്തൽ പ്രകാരം പദ്ധതി പ്രദേശത്തുള്ള 9 വീടുകൾ പൂർണ്ണമായും പൊളിച്ചുമാറ്റേണ്ടതായി വരും. ഇതിൽ 2 വീടുകൾ ഉടമകൾ വാടകക്ക് നൽകിയിരിക്കുന്നു. ശേഷിക്കുന്ന 7 വീടുകളിൽ ഉടമകളുടെ കുടുംബങ്ങൾ താമസിക്കുന്നു.

## 4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

ശ്രീമതി ലീലാകുമരിയുടെ കൈവശത്തിലായിരുന്ന റീസർവെ നമ്പർ 163/23-2 വസ്തു മകൻ സജീവ്കുമാറിൻെറ പേരിൽ കൈമാറ്റം ചെയ്യപ്പെട്ടു എന്നതൊഴിച്ചാൽ, സർവെയിൽ വിവരദാതാക്കൾ നൽകിയ വിവരം അനുസരിച്ച് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്ന വസ്തുക്കളിൽ കഴിഞ്ഞ 3 വർഷകാലയളവിൽ കൈമാറ്റമോ വ്യവഹാരമോ നടന്നിട്ടില്ല.

പദ്ധതിബാധിതമാകുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 11 ഉടമകൾ താമസത്തിനായും, 1 ഉടമ കച്ചവട ആവശ്യത്തിനായും പ്രസ്തുത ഭൂമി ഉപയോഗിക്കുന്നു. 3 ഉടമകളുടെ ഭൂമിയിൽ ചെറുകിട വ്യവസായങ്ങൾ നടത്തുന്നു. 3 ഉടമകളുടെ ഭൂമി താമസത്തിന് ഉപയോഗിക്കുന്നതും കൂടാതെ വ്യവസായവും നടത്തപ്പെടുന്നു. 7 ഉടമകൾ തങ്ങളുടെ ഭൂമി കൈവശഭൂമിയായി മാത്രം ഉപയോഗിക്കുന്നു.

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

നേമം റെയിൽ വേസ്റ്റേഷനിലേക്കുള്ള അനുബന്ധറോഡ് നിർമ്മാണത്തിനായി നെയ്യാറ്റിൻ കര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 4 ലെ നിന്നും ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന ഭൂമിയുടെ ഉടമകളുടെ വിവരങ്ങളും പദ്ധതിബാധിതമാകുന്ന ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു

## 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷ വുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതരായും, ഉപജീവനത്തിനോ, താമ സത്തിനോ, മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. നിർദ്ദിഷ്ട പദ്ധതിക്ക് പ്രത്യക്ഷവും പരോക്ഷവുമായ ആഘാതബാധിതരുണ്ട് എന്ന് വിലയിരുത്തുന്നു

## 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

പദ്ധതിക്കായി മാർക്ക് ചെയ്യപ്പെട്ടിട്ടുള്ള ഭൂമി 37 കുടുംബങ്ങളുടെ ഉടമസ്ഥത യിലുള്ളതാണെന്ന് മനസിലാക്കുന്നു. പ്രസ്തുത ഉടമകളുടെ പേര് വിവരങ്ങളും, പ്രദേശത്ത് ഏറ്റെടുക്കലിനായി അടയാളപ്പെടുത്തിയിരിക്കുന്ന പ്രകാരം ഉടമകൾക്ക് നഷ്ടമാകുന്ന ആസ്തികളുടെ വിവരങ്ങളും പട്ടിക 5.1.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 5.1.1 : പദ്ധതിബാധിത ഭൂമിയുടെ ഉടമകൾ, നഷ്ടമായേക്കാവുന്ന ആസ്തികൾ***

| *ക്രമ നമ്പർ* | *ഭൂവുടമയുടെ പേര്* | *സർവെ നമ്പർ* | *നഷ്ടമായേക്കാവുന്ന ആസ്തികൾ* |
|---|---|---|---|
| 1 | നുജും | 166/17 | കിണർ, തെങ്ങ് 4, പ്ലാവ് 2 |
| 2 | രഘുനാഥപണിക്കർ (Late) | 166/20-5 | വാടകക്ക് നൽകിയിരിക്കുന്ന വീട് (പൂർണ്ണം), കിണർ, ചുറ്റുമതിൽ (വാടകയിനത്തിലുള്ള വരുമാനം നഷ്ടമാകുന്നു) |
| 3 | നൂർജഹാൻ എ. | 166/39, 40 | ഉടമ താമസിക്കുന്ന വീടും അനുബന്ധ സൗകര്യങ്ങളും – ശൗചാലയം, സെപ്റ്റിക്ടാങ്ക്, ചുറ്റുമതിൽ, ഗേറ്റ് (കുടിയൊഴിയൽ) |
| 4 | മഞ്ജിമ | | വാടകക്ക് നൽകിയിരിക്കുന്ന ഇരുനില കെട്ടിടം (പകുതിയിലധികം), സെപ്റ്റിക് ടാങ്ക്, കിണർ (വാടകയിനത്തിലുള്ള വരുമാനം നഷ്ടമാകുന്നു) |
| 5 | ഹേമജ എസ്.വി. | 166/21-1 | വാടകക്ക് നൽകിയിരിക്കുന്ന ഇരുനിലകെട്ടിടം (പൂർണ്ണം), സെപ്റ്റിക് ടാങ്ക്, (വാടകയിനത്തിലുള്ള വരുമാനം നഷ്ടമാകുന്നു) |
| 6 | ഷാജി എൽ.എ. | 166/17 | പച്ചക്കറി കച്ചവടം നടത്തുന്ന ഷെഡ് (വാടകയിനത്തിലുള്ള വരുമാനം നഷ്ടമാകുന്നു) |
| 7 | മിനി | 166/35 | ഇരുനിലകെട്ടിടം (ചെറിയ തോതിൽ – പില്ലർ, സ്റ്റെയർകേസ്), കിണർ |
| 8 | ജയകുമാർ എ. | 166/15-2 | കിണർ, ശൗചാലയം |
| 9 | ശാന്തകുമാരി അമ്മ എസ്. (Late) | 166/15-3 | ഭൂവുടമയുടെ സഹോദരൻ താമസിക്കുന്ന വീട് (പൂർണ്ണം), സഹോദരിയുടെ മകൾ നടത്തുന്ന കട, കിണർ, ശൗചാലയം, (കുടിയൊഴിയൽ) |
| 10 | സിന്ധു എൻ. & ഗോപകുമാർ | 166/15-1 | |
| 11 | സന്തോഷ്കുമാർ ആർ.എസ്. | 166/37 | ഉടമ താമസിക്കുന്ന വീടും അനുബന്ധ സൗകര്യങ്ങളും, വാടകക്ക് നൽകിയിരിക്കുന്ന കട (പൂർണ്ണം), |

| | | | |
|---|---|---|---|
